(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിനോദസഞ്ചാര മേഖലയിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

*3 [33] ശ്രീ. പി. സി. ജോർജ്:
„ വി. ചെന്താമരാക്ഷൻ:
„ ടി. കെ. ദേവകുമാർ:
„ ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതികളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ലക്ഷ്യവും കൈവരിച്ച നേട്ടവും സംബന്ധിച്ച് ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; ടൂറിസം രംഗത്തെ പൈതൃക സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി എന്ത് തുക ചെലവഴിക്കുകയുണ്ടായി; എന്തെല്ലാം പൈതൃകങ്ങളാണ് സംരക്ഷിക്കപ്പെട്ടിരിക്കുന്നത്;

(സി) സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ അന്തിമരൂപമായിട്ടുള്ള ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; അവ ഓരോന്നിന്റെയും ഇപ്പോഴത്തെ ഘട്ടം വെളിപ്പെടുത്താമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) തുടർച്ചയായി വിലയിരുത്താറുണ്ട്.

(ബി) കേരളത്തിന്റെ ടൂറിസം മേഖലയിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ നടത്തിയ പ്രവർത്തനങ്ങൾ കൊണ്ട് ഈ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ ഒട്ടേറെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹകരണത്തോടെ ചെയ്തു തീർത്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏറെയാണ്. വിശദവിവരങ്ങൾ അനുബന്ധം I-ആയി ചേർത്തിരിക്കുന്നു.† ടൂറിസം രംഗത്തെ പൈതൃക സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പൈതൃക സംരക്ഷണമെന്ന കാഴ്ചപ്പാടോടുകൂടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായത്തോടെ ആവിഷ്ക്കരിച്ച പ്രധാന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.††

(സി) സ്വകാര്യ പങ്കാളിത്തത്തോടെ നടത്തുന്ന പ്രോജക്ട് ആയ വേളി അമ്യൂസ്മെന്റ് പാർക്ക്—അബുദാബി ആസ്ഥാനമായുള്ള സതേൺ ഫൺ സിറ്റി (SFC) ഗ്രൂപ്പിനെയാണ് കരാർ അടിസ്ഥാനത്തിൽ ഏൽപ്പിക്കുന്നത്. ഇതിനായി തയ്യാറാക്കിയ കരട് കരാർ ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുവരുന്നു.

---

†, †† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly